പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 330 01.12.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സിയിലെ പെൻഷൻ

ചോദ്യം

ശ്രീ. രാജു എബ്രഹാം :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും 31.8.2014 നകം റിട്ടയർ ചെയ്തിട്ടുള്ളവരിൽ ഇപ്പോഴും പെൻഷന് അർഹതയുള്ളവർ എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | സെപ്റ്റംബർ 2014-ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ 36,928 പെൻഷൻ കാരുണ്ട്. |
| (ബി) | അടുത്ത അഞ്ച് വർഷത്തിനകം ഓരോ വർഷവും റിട്ടയർ ചെയ്യുന്നവർ എത്ര വീതമാണ്; | (ബി) | നിലവിലെ പെൻഷൻ പദ്ധതിയനുസരിച്ച് അടുത്ത 5 വർഷത്തിനകം റിട്ടയർ ചെയ്യുന്നവരുടെ കണക്ക് താഴെ പറയും പ്രകാരമാണ്.<br>11/2014 to 12/2014 - 140<br>01/2015 to 12/2015 - 1339<br>01/2016 to 12/2016 - 1078<br>01/2017 to 12/2017 - 1190<br>01/2018 to 12/2018 - 1115<br>01/2019 to 12/2019 - 1046 |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളവരിൽ പെൻഷന് അർഹതയുള്ളവർക്ക് അത് നൽകുന്നതിന് അടുത്ത അഞ്ച് വർഷത്തിൽ ഓരോ വർഷവും എത്ര തുക വീതം വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ? | (സി) | ഇപ്പോഴത്തെ കണക്കനുസരിച്ച് വർഷം തോറും പുതിയതായി പെൻഷൻ പറ്റുന്നവർക്ക് പെൻഷൻ നൽകുന്നതിലേയ്ക്ക് പ്രതിമാസം 1½ കോടി രൂപ അധികം വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ഡി) | നിലവിൽ കുടിശ്ശികയായിട്ടുള്ള പെൻഷൻ നൽകുന്നതിന് എത്ര തുക ആവശ്യമാണ്; | (ഡി) | നിലവിൽ കോർപ്പറേഷൻ സെപ്തംബർ 2014-ലെ പെൻഷൻ തുക ഭാഗികമായി മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. പ്രസ്തുത |

| | | | |
|---|---|---|---|
| | | | മാസം മിനിമം പെൻഷൻ തുകയുള്ള പെൻഷൻകാർക്ക് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. ഒക്ടോബർ 2014 മുതലുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടില്ല. ടി പെൻഷൻ കുടിശ്ശിക തീർക്കുന്നതിനായി 87 കോടി രൂപ ആവശ്യമാണ്. |
| (ഇ) | പ്രതിമാസം ശരാശരി എത്ര തുക പെൻഷൻ നൽകുന്നതിനാവശ്യമായിട്ടുണ്ട്; വിശദമാക്കാമോ? | (ഇ) | 2014 സെപ്തംബർ മാസത്തെ കണക്കനുസരിച്ച് പ്രതിമാസം ശരാശരി 40.16 കോടി രൂപ പെൻഷൻ വിതരണത്തിനായി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ